# ‘സകലത്തിനും മതിയായ ദൈവം’

**സങ്കീർത്തനം 10:14**

**‘നീ അതു കണ്ടിരിക്കുന്നു, തൃക്കൈകൊണ്ടു പകരം ചെയ്‍വാൻ ദോഷത്തെയും പകയെയും നീ നോക്കിക്കണ്ടിരിക്കുന്നു; അഗതി തന്നെത്താൻ നിങ്കൽ ഏല്പിക്കുന്നു; അനാഥന്നു നീ സഹായി ആകുന്നു.’**

ദുഷ്ടതയും ശത്രുക്കളുടെ കൈയ്യിൽ നിന്നുള്ള പ്രതിസന്ധികളും നേരിടേണ്ടി വരുന്ന ഒരു വിശ്വാസിയുടെ രോദനവും അതിൽ നിന്നുള്ള മോചനത്തിനായി തന്റെ അഭയവും കോട്ടയും പാറയും രക്ഷകനുമായ ദൈവത്തിങ്കലേക്ക് തന്റെ പ്രത്യാശ ഉയർത്തുകയും അതിൽ നിന്നുള്ള വിടുതൽ കാത്ത് യഹോവയാം ദൈവത്തെ വാഴ്ത്തി സ്തുതിക്കുകയും ചെയ്യുന്ന ഒരു സങ്കീർത്തനമാണ് 10–)o സങ്കീർത്തനം.

ഒന്നോർത്തു നോക്കിയാൽ പല അവസരങ്ങളിലും നമുക്കും തോന്നിയിട്ടില്ലെ ഇത്. നാം ഇന്നു ലോകത്തിലേക്ക് നോക്കിയാൽ എങ്ങും ദുഷ്ടതയും, ചതിയും, വഞ്ചനയും കൊണ്ട് കുമിഞ്ഞു കൂടിയിരിക്കുന്നു. ദുഷ്ടത പെരുകുന്നതു പോലെ ദുഷ്ടന്മാരും നമുക്കു ചുറ്റും പെരുകുന്നതു നാം കാണുന്നു. ഇതിനൊന്നും ഒരു മാറ്റവും വരികയില്ല എന്നു പറഞ്ഞു, ദുഷ്ടൻ തന്റെ പ്രവൃത്തികൾ കഠിനപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ അനീതിയും, ദുഷ്ടതയും കാണുമ്പോൾ ഒരു ദൈവപൈതൽ ഭയപ്പെടുകയോ ഓടി ഒളിക്കുകയോ ഒന്നും വേണ്ട, കാരണം ദൈവം നമ്മെ തന്റെ ജീവനുള്ള വചനത്തിലൂടെ ഓർമ്മപ്പെടുത്തുന്ന ഒരു കാര്യമുണ്ട്.

**സങ്കീർത്തനം 37:9, 10**

**ദുഷ്പ്രവൃത്തിക്കാർ ഛേദിക്കപ്പെടും; യഹോവയെ പ്രത്യാശിക്കുന്നവരോ ഭൂമിയെ കൈവശമാക്കും. കുറഞ്ഞോന്നു കഴിഞ്ഞിട്ടു ദുഷ്ടൻ ഇല്ല; നീ അവന്റെ ഇടം സൂക്ഷിച്ചുനോക്കും; അവനെ കാണുകയില്ല.**

ദൈവം ഈ ദുഷ്ടതക്കൊക്കെയും ഒരു അവസാനം ഒരുക്കി കാത്തിരിക്കുന്നു.

ഇന്നത്തെ നമ്മുടെ ധ്യാന ചിന്തക്കുള്ള വചനം നോക്കുകയാണെങ്കിൽ, അവിടെ പറയുന്നു, അവനെ വിളിച്ചപേക്ഷിക്കുന്നവരുടെ യാചന ദൈവം കേൾക്കുകയും കാണുകയും ചെയ്യുക മാത്രമല്ല അവൻ ആ അപേക്ഷ സ്വീകരിക്കുകയും അതിനു തക്ക മാനം നൽകുകയും ചെയ്യുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ ദുഷ്ടന്മാർക്ക് അവരുടെ

പ്രവൃത്തിക്കൊത്തവണ്ണം തന്റെ ന്യായവിധി ദിവസത്തിൽ പ്രതിഫലം നൽകാൻ. അവർ ചെയ്യുന്ന ഓരോ ദുഷ്ട പ്രവൃത്തിയുടെയും ഒരു വ്യക്തമായ പകർപ്പ് അവന്റെ പക്കൽ സൂക്ഷിച്ചിട്ടുണ്ട്.

വി. വചനത്തിൽ വ്യക്തമായിട്ട് നമ്മോട് സംസാരിക്കുന്നുണ്ട് ദൈവം തീർച്ചയായും ദുഷ്ടനോട് പ്രതികാരം ചെയ്യും.

**സങ്കീർത്തനം 94:23**

**അവൻ അവരുടെ നീതികേടു അവരുടെമേൽ തന്നേ വരുത്തും; അവരുടെ ദുഷ്ടതയിൽ തന്നേ അവരെ സംഹരിക്കും; നമ്മുടെ ദൈവമായ യഹോവ അവരെ സംഹരിച്ചുകളയും.**

**റോമർ – 12:9**

**പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടംകൊടുപ്പിൻ; പ്രതികാരം എനിക്കുള്ളതു; ഞാൻ പകരം ചെയ്യും എന്നു കർത്താവു അരുളിച്ചെയ്യുന്നു,**

നാം ദുഷ്ടനോട് മല്ലടിക്കുകയോ, പ്രതികാരമോഹികളാകുകയോ ചെയ്യേണ്ട കാര്യമില്ല, പിന്നെയോ ദൈവത്തിന്റെ പ്രതികാര ദിവസത്തിനായി കാത്തിരിക്കുക മാത്രം മതി. ദൈവമില്ല എന്നു പറയുന്നവർക്ക് അവരുടെ ദുഷ്ടത പ്രവൃത്തിക്കാൻ അൽപകാലം മാത്രമേ കഴിയുകയുള്ളൂ, എന്നാൽ ദൈവത്തെ നിരസിക്കുകയും ദുഷ്ടത പ്രവൃത്തിക്കുകയും വഴി ഒരു ദിവസം അവർ നിത്യമായ നരകത്തിനു അവകാശികൾ ആണെന്നുള്ള സത്യം പലപ്പോഴും അവർ മറന്നു പോകുന്നു.

അങ്ങനെയാണെങ്കിൽ അവർ പീഢിപ്പിക്കുന്ന, അല്ലെങ്കിൽ പീഢകൾ സഹിക്കുന്നവരുടെ കാര്യം എങ്ങനെയായിരിക്കും? ദുഷ്പ്രവൃത്തിക്കാരാൽ പീഢിപ്പിക്കപ്പെടുന്നവർ അവരുടെ കഷ്ടതയിൽ ദൈവത്തോട് അടുത്തു കഴിഞ്ഞാൽ ദൈവം അവരുടെ സഹായവും, സംരക്ഷകനും ആയിരിക്കും. 14–)0 വാക്യത്തിന്റെ അവസാന ഭാഗത്തു നാം കാണുന്നു സങ്കീർത്തകൻ അനാഥനെ ഒരു പീഢിതനായി ചിത്രീകരിച്ച് ദൈവം അവന്റെ സഹായി ആകുന്നു എന്നു കൂട്ടിച്ചേർക്കുന്നത്. പണ്ടു കാലങ്ങളിൽ, (പണ്ട് എന്നു പറയുന്നതിലും നല്ലതു ഇന്നും എന്നായിരിക്കും), ആരോരുമില്ലാത്തവർ മിക്കവാറും ചെന്നെത്തുക ഒരു കരുണയും, ദയയും ഇല്ലാത്ത യജമാനന്മാരുടെ അടുത്തായിരിക്കും. അവർ അവരെ അവരുടെ അടിമകളായിട്ടാണു കണ്ടിരുന്നത് അതു മാത്രമല്ല മിക്കവാറും മുഴു പട്ടിണിയാലും, ജോലിഭാരത്താലും മറ്റും പലരും മരണമടയുകയാണു പതിവ്. പക്ഷെ ദൈവം പറയുന്നു ഈ അനാഥർക്കും അഗതികൾക്കും ഞാൻ ഒരു അഭയമായിരിക്കും.

അങ്ങനെയാണെങ്കിൽ നാം ഇന്നു അനാഥർ അല്ല, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിലൂടെ സ്വന്ത മക്കൾ എന്നുള്ള പദവിക്കു യോഗ്യരാണു. പക്ഷെ അതു നില നിൽക്കണമെങ്കിൽ നാം നമ്മുടെ വിശ്വാസം ദൈവത്തിൽ സ്ഥിരമാക്കുകയും ആ വിശ്വാസത്തിൽ നിലനിൽക്കുകയും വേണം. അല്ലാത്തപക്ഷം നാം അനാഥരുടെ ഗണത്തിലേക്കു തള്ളപ്പെടും. നമ്മോടുള്ള തന്റെ ഹിതപ്രകാരമുള്ളതല്ലാതെ ഒന്നും നമുക്കു ഭവിക്കാൻ അവൻ സമ്മതിക്കില്ല. നമ്മുടെ ദൈവം അറിയാതെ നമ്മുടെ ഒരു തലമുടിനാരു പോലും തൊടുവാൻ സാത്താനു സാധിക്കില്ല, എന്നാൽ ചില സമയങ്ങളിൽ അങ്ങനെ സംഭവിക്കുന്നുണ്ട് എങ്കിൽ ഓർത്ത് കൊള്ളുക ദൈവഹിതമല്ലാത്ത എന്തോ കാര്യം നമ്മുടെ ജീവിതത്തിൽ സംഭവിച്ചിട്ടുണ്ട്. അതു കണ്ടെത്താനായി ദൈവ സന്നിധിയിൽ ഇരുന്ന് ദൈവത്തോട് ചോദിച്ച് അതിന്മേലുള്ള പരിഹാരം കണ്ട് മുൻപോട്ട് പോകുക, കാരണം വചനം നമ്മോട് ഇപ്രകാരം പറയുന്നു

**റോമർ – 8:28**

**എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.**

അങ്ങനെയാണെങ്കിൽ നമ്മുടെ ജീവിതത്തിൽ ഇന്നുവരെ വന്ന വഴികളിൽ ഈ ദൈവം നടത്തിയ വിധങ്ങളെ ഓർത്ത്, കരുതിയ കരുതൽ ഓർത്ത്, താങ്ങി പരിപാലിച്ച അവന്റെ കരുണയെ ഓർത്ത് നമുക്കു അവനെ സ്തുതിക്കുകയും, വാഴ്ത്തുകയും അവന്റെ നാമത്തെ വർണ്ണിക്കുകയും ചെയ്യാം. ദൈവ തിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ

പരാമർശം :

സങ്കീർത്തനം 138:7, 8

‘‘ഞാൻ കഷ്ടതയുടെ നടുവിൽ നടന്നാലും നീ എന്നെ ജീവിപ്പിക്കും; എന്റെ ശത്രുക്കളുടെ ക്രോധത്തിന്നു നേരെ നീ കൈ നീട്ടും; നിന്റെ വലങ്കൈ എന്നെ രക്ഷിക്കും.

യഹോവ എനിക്കുവേണ്ടി സമാപ്തിവരുത്തും; യഹോവേ, നിന്റെ ദയ എന്നേക്കുമുള്ളതു; തൃക്കൈകളുടെ പ്രവൃത്തിയെ ഉപേക്ഷിക്കരുതേ.’’

ബ്രദർ ബിനു ബേബി ആലപ്പുഴ 005